# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6772 04/04/2018-ൽ മറുപടിക്ക്

## റവന്യൂ വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി). |
| (എ) റവന്യൂ വകുപ്പിൽ നൂറ്റിഅൻപതോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ലാൻഡ് റവന്യൂ വകുപ്പിൽ ഉണ്ടായിരുന്ന വിവിധ തസ്തികകളിൽ ഒഴിവുകൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ 21/03/2018, 22/03/2018 തീയതികളിലെ വിവിധ സ്ഥാനക്കയറ്റ ഉത്തരവുകൾ മുഖേന നികത്തിയിട്ടുണ്ട്. അപ്രകാരം ഉണ്ടായ എൻട്രി കേഡർ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ 27/03/2018 5 PM-ന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 177 ഒഴിവുകളിൽ 167 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10 ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഉത്തരവാദിത്വം റവന്യൂ കമ്മീഷണർക്കാണോ; അല്ലെങ്കിൽ ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ബി) | ലാൻഡ് റവന്യൂ വകുപ്പിൽ ജില്ലകളിൽ ഉണ്ടാകുന്ന എൻട്രി കേഡർ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് പി.എസ്.സി-യെ അറിയിക്കുന്നത്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ (ഹെഡ് ക്വാർട്ടേഴ്സ്) ഉണ്ടാകുന്ന ഒഴിവുകൾ ലാൻഡ് റവന്യൂ കമ്മീഷണറാണ് പി.എസ്.സി-യെ അറിയിക്കുന്നത്.<br><br>സർവ്വെയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സർവ്വെ ഡയറക്ടർക്കാണ്. |

(സി) അർഹമായ പ്രൊമോഷനുകൾ നൽകി പ്രസ്തുത ഒഴിവുകൾ നികത്തിയാൽ എൻട്രി കേഡറിൽ അത്രയും പേരെ പുതുതായി നിയമിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ അർഹമായ പ്രമോഷനുകൾ നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്. അപ്രകാരം ഉയർന്ന തസ്തികകളിലേയ്ക്ക് പ്രമോഷൻ നൽകിയതുമൂലം ഉണ്ടായ എൻട്രി കേഡർ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വെയും ഭൂരേഖയും വകുപ്പിലെ തസ്തികകളിൽ പ്രമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

(ഡി) എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ ആശ്രിത നിയമനം, അന്തർ ജില്ലാ/അന്തർ വകുപ്പ് മാറ്റം, റേഷ്യോ പ്രമോഷൻ എന്നിവയ്ക്കായി നീക്കി വച്ചതുൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വെയും ഭൂരേഖയും വകുപ്പിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**